3. ഗതാഗത സൗകര്യം.

4. നിലവിലുള്ള എക്സ്പോർട്ടിന്റെ രീതി.

5. കയറ്റുമതി ലക്ഷ്യമാക്കിയിട്ടുള്ള വിളകളുടെ നിലവിലുള്ള വിന്യാസം.

(ഡി) കാർഷികമേഖലയ്ക്കു നൽകുന്ന സഹായങ്ങളെല്ലാം ഈ പദ്ധതിയുടെ ഭാഗമായുള്ള വിളകൾക്കു മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല.

(ഇ) വാഴ, പച്ചക്കറികൾ, കൈതച്ചക്ക എന്നീ വിളകൾക്കുള്ള കാർഷിക കയറ്റുമതി മേഖലയാണ് ഇപ്പോൾ രൂപീകരിച്ചിട്ടുള്ളത്. ഭൂനിയമത്തിൽ ഇതിലേക്കായി മാറ്റമൊന്നും വരുത്തിയിട്ടില്ല.

(എഫ്) ഉദിക്കുന്നില്ല.

കൃഷി വകുപ്പിന്റെ 'നാട്ടിൻപുറം' പദ്ധതി

*8 [68] ശ്രീ. പി. എസ്. സുപാൽ :
,, കെ. പി. രാജേന്ദ്രൻ :
,, പി. നാരായണൻ :
,, ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിന്റെ കീഴിൽ "നഗരത്തിൽ നാട്ടിൻപുറം" എന്ന ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതിയിൻകീഴിൽ എന്തെല്ലാമാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയിൻകീഴിൽ കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളത് എന്നും ഈ പദ്ധതി സംസ്ഥാനത്ത് വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വിശദമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഉണ്ട്. തിരുവനന്തപുരം നഗരത്തിലെ 11 റസിഡൻഷ്യൽ കോളനികൾ കേന്ദ്രമാക്കി 2002-2003-ൽ പദ്ധതി ആരംഭിച്ചു.

(ബി) ഈ പദ്ധതിയിൻകീഴിൽ പദ്ധതി പ്രചാരണം, നടീൽ വസ്തുക്കളുടെ വിതരണം, ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്യുന്നതിനുള്ള പരിശീലനം എന്നിവ നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതിയിൻകീഴിൽ താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നു.

1. 50% സബ്സിഡി നിരക്കിൽ ജൈവവള വിതരണം.
2. 50% സബ്സിഡി നിരക്കിൽ 8 ലിറ്റർ 'നാപ്പ്സാക്ക് സ്പ്രേയർ വിതരണം.
3. 50% സബ്സിഡി നിരക്കിൽ കാർഷിക ഉപകരണങ്ങൾ അടങ്ങുന്ന കിറ്റ് വിതരണം.
4. രണ്ട് മണ്ണിര കംപോസ്റ്റ് യൂണിറ്റുകൾ നിർമ്മാണം.
5. 50% സബ്സിഡിയിൽ നടീൽ വസ്തുക്കളുടെ വിതരണം.
6. കർഷകർക്ക് പരിശീലനം.
7. 50% സബ്സിഡി നിരക്കിൽ പോളിഗ്രീൻ ഹൗസുകൾ നിർമ്മിക്കുന്നതിന് ധനസഹായം. കൂടാതെ 2003-2004-ൽ 50 ലക്ഷം രൂപ ചെലവഴിച്ച് തിരുവനന്തപുരം നഗരത്തിലെ 2000-2500 കുടുംബങ്ങൾ ഉൾക്കൊള്ളുന്ന 30 റസിഡൻഷ്യൽ കോളനികളെ ഉൾപ്പെടുത്തി "വീട്ടുവളപ്പിലെ കൃഷി" എന്ന പദ്ധതിയും നടപ്പാക്കി വരുന്നു.

സംസ്ഥാനത്ത് വ്യാപകമായി ഈ പദ്ധതി നടപ്പാക്കുന്ന കാര്യം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിഗണിക്കാവുന്നതാണ്.

ബഹുവർഷ ബഡ്ജറ്റ് സമ്പ്രദായം

*9 [69] ശ്രീ. എ. പി. അനിൽകുമാർ :
,, എം. പി. ഗംഗാധരൻ :
,, വി. ബാലറാം :
,, കെ. പി. വിശ്വനാഥൻ :
,, ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബഹുവർഷ ബഡ്ജറ്റ് സമ്പ്രദായം നടപ്പാക്കാനുദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ബഡ്ജറ്റിൽ എത്ര വർഷത്തെ വരവുചെലവിനങ്ങൾ ചേർക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ബഹുവർഷ ബഡ്ജറ്റ് കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly